**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 763** **17-09-2025 - ൽ മറുപടിയ്ക്ക്**

**മണിയൂർ സബ്‌സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ സബ്‌സ്റ്റേഷൻ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഏതൊക്കെ സർവ്വേ നമ്പറിലെ ഭൂമിയാണ് സബ്‌സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | മണിയൂരിൽ സബ്‌സ്റ്റേഷൻ നിർമിക്കുന്നതിന് 2013 ലെ LARR ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. സബ്‌സ്റ്റേഷൻ നിർമാണത്തിന് വേണ്ടി കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മണിയൂർ വില്ലേജിലെ സർവ്വേ നം. B1/2 (റീസർവ്വേ സബ് ഡിവിഷൻ നം. 81/35-3, 81/33, 81/34, 81/35, 81/37) ൽപ്പെട്ട ഭൂമി നാല് ഭൂവുടമകളിൽ നിന്നും ഏറ്റെടുക്കുവാനുള്ള ഉത്തരവാണ് നൽകിയിരുന്നത്.<br><br>എന്നാൽ സർക്കാർ ഉത്തരവിൽ സബ് ഡിവിഷൻ നമ്പർ കൂടാതെ റീസർവ്വേ നമ്പർ കൂടി ചേർക്കണം എന്ന് ജില്ലാ കളക്ടർ കെ.എസ്.ഇ.ബി.എൽ.-നോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ കെ.എസ്.ഇ.ബി.എൽ. ഊർജ്ജ വകുപ്പിൽ സമർപ്പിക്കുകയും ആയത് പ്രകാരം ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ 30/08/2025-ൽ ഊർജ്ജ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മണിയൂർ സബ്‌സ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്നതോടെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമമാണ് പരിഹരിക്കാൻ സാധിക്കുക എന്ന് വിശദമാക്കാമോ? | (ബി) | മണിയൂർ സബ്‌സ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്നതോടെ തിരുവള്ളൂർ, മണിയൂർ, തോടന്നൂർ, മേമുണ്ട, വടകര മുതലായ പ്രദേശങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമാകും. |

സെക്ഷൻ ഓഫീസർ